# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4439** **17.12.2014** - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയവരിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക യിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(എ) സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ തുടങ്ങിയ എല്ലാ ഉപഭോക്താക്കളിൽ നിന്നും 31/03/2014-ലെ കണക്കനുസരിച്ച് കുടിവെള്ള ചാർജിനത്തിൽ (പലിശയും പിഴപ്പലിശയും, സർചാർജും ഉൾപ്പെടെ) പിരിഞ്ഞുകിട്ടാനുള്ള തുക ചുവടെ ചേർക്കുന്നു.

ഗാർഹികം - 112.42 കോടി രൂപ

ഗാർഹികേതരം - 310.00 കോടി രൂപ

വ്യാവസായികം - 38.00 കോടി രൂപ

പൊതു ടാപ്പ് - 153.36 കോടി രൂപ

ആകെ - 613.78 കോടി രൂപ

സ്വകാര്യ വ്യക്തികളുടെ കുടിവെള്ള കണക്ഷൻ മാത്രമാണ് ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഗാർഹികേതര കുടിശ്ശികയിൽ ഭൂരിഭാഗവും പലിശയിനത്തിലും, പിഴപ്പലിശയിനത്തിലും ഉൾപ്പെട്ടതാണ്.

| | |
|---|---|
| (ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കണക്ഷൻ വിഛേദിക്കാനുള്ള നോട്ടീസ് നൽകുകയും കണക്ഷൻ വിഛേദിക്കുകയും റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ഒരു അദാലത്ത് നടത്തി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കാൻ മുന്നോട്ടുവരുന്ന ഉപഭോക്താക്കൾക്ക് പിഴപലിശയിൽ കുറവ് ചെയ്തു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ